2024
AUGUST
10
SATURDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

www.societytodaynews.com




## ബ്രസീലിൽ വിമാനം തകർന്ന് 62 മരണം

**സാവോപോളോ:** ബ്രസീലിൽ വിൻയെദോ നഗരത്തിൽ യാത്രാ വിമാനം തകർന്നുവീണ് 62 പേർ കൊല്ലപ്പെട്ടു. ജനവാസ മേഖലയിലായതിനാൽ ഒട്ടേറെ വീടുകളും തകർന്നു. പരാന സംസ്ഥാനത്തെ കസ്കവെലിൽനിന്നു സാവോപോളോയിലെ മുഖ്യ രാജ്യാന്തര വിമാനത്താവളത്തിലേക്കു പോയ എടിആർ 72 വിമാനത്തിൽ 58 യാത്രക്കാരും 4 ക്രൂ അംഗങ്ങളുമുണ്ടായിരുന്നുവെന്ന് വോപാസ് എയർലൈൻസ് അറിയിച്ചു.

വിമാനം നിയന്ത്രണമറ്റു കുത്തനെ വീഴുന്നതിന്റെയും തീപിടിക്കുന്നതിന്റെയും വിഡിയോ ദൃശ്യങ്ങൾ പുറത്തുവന്നു. അപകടകാരണം വ്യക്തമല്ല. സാവോപോളോ നഗരത്തിൽനിന്ന് 80 കിലോമീറ്റർ അകലെയാണു അപകടമുണ്ടായത്.

## 70 ഏക്കർ ഭൂമി, 12 ഫ്ളാറ്റുകൾ; ലാലു പ്രസാദിന്റെ സഹായിയുടെ 113 കോടിയുടെ സ്വത്തുകൾ കണ്ടുകെട്ടി



**പട്ന:** ജോലിക്കു പകരം ഭൂമി അഴിമതിയുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ആർജെഡി അധ്യക്ഷൻ ലാലു പ്രസാദ് യാദവിന്റെ സഹായി അമിത് കട്യാലിന്റെ 113 കോടി രൂപയുടെ സ്വത്തുകൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) കണ്ടുകെട്ടി.

ഹരിയാനയിലെ ഗുരുഗ്രാമിലുള്ള 70 ഏക്കർ ഭൂമി, 12 ഫ്ലാറ്റുകൾ, മുംബൈയിലെ രണ്ടു ഫ്ളാറ്റുകൾ, ഡൽഹിയിലെ കെട്ടിടം, ജോനാപുരിലെ ഫാംഹൗസ്, ബാങ്കുകളിലെ 27 കോടി രൂപയുടെ സ്ഥിരനിക്ഷേപം എന്നിവയാണ് കണ്ടുകെട്ടിയത്. അമിത് കട്യാലിന്റെ ഉടമസ്ഥതയിലുള്ള റിയൽ എസ്റ്റേറ്റ് സ്ഥാപനങ്ങളുടെ മറവിൽ ബിനാമി, കള്ളപ്പണ ഇടപാടുകൾ നടത്തിയെന്നാണ് ഇ.ഡിയുടെ കണ്ടെത്തൽ.

## നീറ്റ് പിജി പരീക്ഷ മാറ്റില്ല; ഹർജി തള്ളി സുപ്രീം കോടതി

**ന്യൂഡൽഹി:** ഇന്ന് നടക്കാനിരിക്കുന്ന നീറ്റ് പിജി പരീക്ഷ മാറ്റിവയ്ക്കണമെന്ന ആവശ്യം സുപ്രീം കോടതി തള്ളി. പരീക്ഷാർഥികൾക്ക് സെൻററുകൾ നിശ്ചയിച്ചശേഷം മാറ്റിവയ്ക്കുന്നത് അസൗകര്യമുണ്ടാക്കുമെന്നു ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, മനോജ് മിശ്ര എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി.അഞ്ചു വിദ്യാർഥികൾക്കു വേണ്ടി രണ്ടു ലക്ഷം വിദ്യാർഥികളുടെ ഭാവി അനിശ്ചിതത്വത്തിലാക്കാനാവില്ല. പരീക്ഷ മാറ്റിവച്ചാൽ രണ്ടു ലക്ഷം വിദ്യാർഥികളെയും നാലു ലക്ഷം രക്ഷിതാക്കളെയും അതു ബാധിക്കും. ആരാണ് ഈ പരാതിയുടെ പിന്നിലെന്ന് അറിയില്ലെന്നും സുപ്രീം കോടതി പറഞ്ഞു.

## വഖഫ് ബിൽ പരിശോധിക്കാൻ സംയുക്ത പാർലമെന്ററി സമിതി

**ന്യൂഡൽഹി:** വഖഫ് ബോർഡ് ഭേദഗതി ബിൽ പരിശോധിക്കാനുള്ള സംയുക്ത പാർലമെന്ററി സമിതി (ജെപിസി) രൂപീകരിച്ചു. 31 അംഗ സമിതിയാണ് സ്പീക്കർ ഓം ബിർല രൂപീകരിച്ചത്. ഇതിൽ 21 പേർ ലോക്സഭയിൽ നിന്നും 10 പേർ രാജ്യസഭയിൽ നിന്നുമുള്ള എംപിമാരാണ്. രണ്ട് കോൺഗ്രസ് അംഗങ്ങളാണ് ജെപിസിയിൽ ഇടംപിടിച്ചത്.

എഐഎംഐഎം മേധാവി അസദുദ്ദീൻ ഒവൈസി, കോൺഗ്രസ് അംഗങ്ങളായ ഗൗരവ് ഗോഗോയ്, ഇമ്രാൻ മസൂദ് എന്നിവർ സമിതിയിലുണ്ട്. ഡിഎംകെ നേതാവ് എ.രാജ, ശിവസേന (ഉദ്ധവ് താക്കറെ വിഭാഗം) എം.പി. അരവിന്ദ് സാവന്ത് എന്നിവരും സമിതിയിലുണ്ട്.

ജഗദംബിക പാൽ, നിഷികാന്ത് ദുബെ, തേജസ്വി സൂര്യ, അപരാജിത സാരംഗി, സഞ്ജയ് ജയ്സ്വാൾ, ദിലീപ് സൈകിയ, അഭിജിത് ഗംഗോപാധ്യായ, ഡി.കെ. അരുണ, മുഹമ്മദ് ജാവേദ്, മൗലാന മൊഹിബുള്ള നദ്‌വി, കല്യാൺ ബാനർജി, ലാവു ശ്രീകൃഷ്ണ ദേവരായലു, ദിലേശ്വർ കമൈറ്റ്, സുരേഷ് ഗോപിനാഥ്, നരേഷ് ഗണപത് മാസ്കെ, അരുൺ ഭാർതി തുടങ്ങിയവരും സമിതിയിൽ അംഗങ്ങളാണ്.

### സ്വാതന്ത്ര്യദിനത്തിന് ദിവസങ്ങൾ മാത്രം

# ഡൽഹിയിൽ ഐ എസ് ഭീകരൻ അറസ്റ്റിൽ



**ന്യൂഡൽഹി:** ഐഎസ് ഭീകരൻ റിസ്‌വാൻ അബ്ദുൽ ഹാജി അലിയെ ഡൽഹി പൊലീസിന്റെ സ്പെഷൽ സെൽ വ്യാഴാഴ്ച അറസ്റ്റ് ചെയ്തു. ഇയാളെ കണ്ടുപിടിക്കാൻ സഹായിക്കുന്നവർക്ക് 3 ലക്ഷം രൂപയാണ് ദേശീയ അന്വേഷണ ഏജൻസി (എൻഐഎ) പ്രഖ്യാപിച്ചിരുന്നത്. ഡൽഹിയിലെ ദാര്യാഗഞ്ച് സ്വദേശിയാണ്. സ്വാതന്ത്ര്യദിനത്തിന് ഒരാഴ്ച മുൻപാണ് അറസ്റ്റ് എന്നതു സംഭവത്തിന്റെ ഗൗരവം കൂട്ടുന്നു.

ഐഎസിന്റെ പുണെ കേന്ദ്രീകരിച്ചുള്ള മൊഡ്യൂളിലായിരുന്നു ഇയാളുടെ പ്രവർത്തനം. അതിനിടെ, മാർച്ചിൽ എൻഐഎ പുണെയിലെ നാലു വസ്തുവകകൾ കണ്ടുകെട്ടി. കോന്ധ്വ, പുണെ എന്നിവിടങ്ങളിലുള്ള വസ്തുവകകളാണു കണ്ടുകെട്ടിയത്. 11 പേരുടെ പേരിലുള്ളതായിരുന്നു ഇവ. ഇതിൽ മൂന്നുപേർ ഒളിവിലാണ്. ഐഇഡി നിർമാണം, ഭീകര പരിശീലനം, പദ്ധതിയൊരുക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഇവിടെ നടന്നതായാണ് എൻഐഎയുടെ കണ്ടെത്തൽ.

## ജലജീവൻ മിഷൻ: സംസ്ഥാനം 285 കോടി അനുവദിച്ചു

**തിരുവനന്തപുരം:** ഗ്രാമീണ മേഖലയിൽ സമ്പൂർണ കുടിവെള്ള വിതരണം ചെയ്യുന്നതിനുള്ള ജലജീവൻ മിഷൻ പദ്ധതിക്കായി കേരളത്തിന്റെ വിഹിതമായ 285 കോടി രൂപ ധനവകുപ്പ് അനുവദിച്ചതായി മന്ത്രി റോഷി അഗസ്റ്റിൻ അറിയിച്ചു. കേന്ദ്ര വിഹിതമായ 292 കോടി രൂപ കഴിഞ്ഞ ദിവസം അനുവദിച്ചിരുന്നു. ഇതിനു പിന്നാലെയാണ് സംസ്ഥാനത്തിന്റെ വിഹിതം പ്രഖ്യാപിച്ചത്. ഇതോടെ 573 കോടി രൂപ പദ്ധതിക്കായി ലഭിച്ചു. 40,000 കോടി രൂപയാണ് പദ്ധതിയുടെ ആകെ ചെലവ്. 10086.98 കോടി രൂപയാണ് ഇതുവരെ ആകെ അനുവദിച്ചിരിക്കുന്നത്.കേന്ദ്ര സംസ്ഥാന പദ്ധതിയായ ജലജീവൻ മിഷനിൽ 50 ശതമാനം തുക സംസ്ഥാനമാണ് മുടക്കുന്നത്. ഇതിനോടകം 54 ശതമാനത്തോളം കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. ശേഷിക്കുന്നത് ഒരു വർഷത്തിനകം പൂർത്തിയാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ജലജീവൻ മിഷൻ തുടങ്ങും മുൻപ് സംസ്ഥാനത്ത് 17 ലക്ഷം കണക്ഷനുകളാണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോഴത് 40 ലക്ഷത്തോളം ആയിരിക്കുകയാണ്. സംസ്ഥാനത്തെ മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും ടാപ്പിലൂടെ കുടിവെള്ളം എത്തിക്കുന്നതാണ് പദ്ധതി.

## പ്രധാനമന്ത്രി ഇന്ന് വയനാട്ടിൽ; ദുരന്തബാധിത പ്രദേശം സന്ദർശിക്കും

**കൽപ്പറ്റ:** ഉരുൾപൊട്ടൽ ദുരന്തമുണ്ടായ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് സന്ദർശനം നടത്തും. പ്രധാനമന്ത്രിയുടെ സന്ദർശനം പ്രമാണിച്ച് ഇന്ന് പ്രദേശത്ത് തെരച്ചിൽ ഉണ്ടായിരിക്കില്ലെന്ന് ജില്ലാ ഭരണകൂടം അറിയിച്ചു.തെരച്ചിലുമായി ബന്ധപ്പെട്ട ആർക്കും ഇന്ന് ദുരന്തബാധിത പ്രദേശങ്ങളിൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ദുരന്ത സ്ഥലം സന്ദർശിക്കുന്നതു കൂടാതെ ക്യാമ്പുകളും സൈന്യം നിർമിച്ച ബെയ്‌ലി പാലവും പ്രധാനമന്ത്രി സന്ദർശിക്കും.

പ്രധാനമന്ത്രിക്കൊപ്പം കേന്ദ്രമന്ത്രി സുരേഷ് ഗോപിയും ഉണ്ടാവും. വ്യോമസേനയുടെ വിമാനത്തിൽ രാവിലെ 11.20ന് കണ്ണൂർ വിമാനത്താവളത്തിൽ ഇറങ്ങുന്ന പ്രധാനമന്ത്രിയെ മുഖ്യമന്ത്രി പിണറായി വിജയനും ഗവർണർ ആരിഫ് മുഹമ്മദ് ഖാനും ചേർന്ന് സ്വീകരിക്കും.

തുടർന്ന് ഹെലികോപ്റ്ററിൽ അദ്ദേഹം വയനാട്ടിലേക്ക് തിരിക്കും. ഇതിനായി വ്യോമസേനയുടെ മൂന്നു ഹെലികോപ്റ്ററുകൾ കണ്ണൂരിലെത്തി.





സൊസൈറ്റി ടുഡേ
SOCIETY TODAY

# വയനാട് ഉരുൾ പൊട്ടൽ : സ്നേഹത്തിന്റെ കാപ്പിക്കടയുമായി കെവിവിഇഎസ് യൂത്ത് വിംഗ്

**കൊച്ചി:** വയനാട്ടിലെ ഉരുൾപൊട്ടലിൽ സർവ്വതും നഷ്ടപ്പെട്ടവർക്ക് സഹായമെത്തിക്കുന്നതിനായി 'സ്നേഹത്തിന്റെ കാപ്പിക്കട'യുമായി കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം കമ്മിറ്റി. എറണാകുളം ഹൈക്കോടതി ജംഗ്ഷനിൽ ഇന്ന് (ആഗസ്റ്റ് 10, ശനി) ഉച്ചയ്ക്ക് രണ്ട് മുതൽ തുറക്കുന്ന കാപ്പിക്കടയുടെ ഉദ്ഘാടനം ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി സി ജേക്കബ്ബ് നിർവ്വഹിക്കും. വയനാട്ടിലെ ദുരിതബാധിതർക്ക് സഹായമെത്തിക്കുന്നതിനായി കെവിവിഇഎസ് എറണാകുളം ജില്ലാ കമ്മിറ്റി നടത്തുന്ന റീലീഫ് പ്രവർത്തനങ്ങൾക്ക് കരുത്ത് പകരുകയെന്ന ലക്ഷ്യത്തോടെയാണ് കാപ്പിക്കട തുറക്കുന്നതെന്ന് യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റ് പ്രദീപ് ജോസ് പറഞ്ഞു. ഉച്ചയ്ക്ക് രണ്ട് മുതൽ രാത്രി എട്ട് വരെയാണ് കാപ്പിക്കട പ്രവർത്തിക്കുന്നത്. ഇതിലൂടെ ലഭിക്കുന്ന പണം കെവിവിഎസ് എറണാകുളം ജില്ലാ കമ്മിറ്റിക്ക് കൈമാറുമെന്നും പ്രദീപ് ജോസ് പറഞ്ഞു.



**വയനാട് ദുരന്ത ബാധിതർക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൊച്ചിൻ കാർഡിയാക് ഫോറത്തിന്റെ രണ്ടു ലക്ഷം രൂപയുടെ ചെക്ക് ഡോ. സന്ദീപ് ആർ.,ഡോ.ഹിമൽരാജ്, ഡോ.ജോ ജോസഫ് എന്നിവരിൽ നിന്നും മന്ത്രി പി. രാജീവ് ഏറ്റു വാങ്ങുന്നു.**

# 2025 ഹരിതശീല വർഷമായി ആചരിക്കും: കെസിബിസി

കൊച്ചി: ലൗദാത്തോ സി യുടെ പത്താം വാർഷികാഘോഷത്തിന്റെയും ആഗോളസഭയുടെ മഹാ ജൂബിലിയോടനു ബന്ധിച്ചുള്ള കേരള സഭാനവീകരണത്തിന്റെയും ഭാഗമായി 2025 ൽ ഹരിതശീല വർഷമായി ആചരിക്കുമെന്ന് കേരള കത്തോലിക്ക മെത്രാൻ സമിതി.കേരളസഭ ഒന്നാകെ സംസ്ഥാന തലത്തിലും രൂപത, ഇടവക തലങ്ങളിലും സഭാസ്ഥാപനങ്ങളിലും കുടുംബങ്ങളിലും ഹരിതശീല പ്രയത്നങ്ങൾ ശക്തിപ്പെടുത്തണമെന്ന് കെസിബിസി ആവശ്യപ്പെട്ടു.2025 ജനുവരി മുതൽ 2026 ഡിസംബർ വരെയുള്ള രണ്ട് വർഷത്തിനുള്ളിൽ കേരളത്തിലെ മുഴുവൻ രൂപതകളെയും ഇടവകകളെയും സ്ഥാപനങ്ങളെയും ഹരിത ചട്ടങ്ങൾ പാലിക്കുന്ന കാർബൺ ന്യൂട്രൽ സംവിധാനങ്ങളായി രൂപാന്തരപ്പെടുത്തുക.ഇടവകകളും സ്ഥാപനങ്ങളും ഗ്രീൻ ഓഡിറ്റ് നടത്തുകയും, ഹരിതചട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക.എല്ലാ കത്തോലിക്കാ സ്ഥാപനങ്ങളും ഇടവകകളും ആഗോളസഭയുടെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സംവിധാനമായ 'ലൗദാത്തോ സി ആക്ഷൻ പ്ലാറ്റ്ഫോമിൽ' (ഘടഅജ) അംഗമാകുകയും തുടർപ്രവർത്തനങ്ങളുടെ ഭാഗമാകുകയും ചെയ്യുക എന്നതാണ് ലക്ഷ്യം.2024 ഓഗസ്റ്റ് മുതൽ ഡിസംബർവരെ റീജിയണൽ, രൂപതാ തലങ്ങളിൽ ഇടവകകളും സ്ഥാപനങ്ങളും കാർബൺ ന്യൂട്രൽ പദവിയിലേക്ക് മാറുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കപ്പെടും. 2025 ജനുവരി മുതൽ 2026 ഡിസംബർ വരെയുള്ള കാലയളവിൽ പദ്ധതി പൂർണ്ണമായും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും കെസിബിസി വ്യക്തമാക്കി.

# സൗജന്യ നൈപുണ്യ പരിശീലനത്തിന് ജെയിൻ യൂണിവേഴ്സിറ്റി

**കൊച്ചി:** വയനാട് ദുരിതബാധിത മേഖലയിലെ പുതുതലമുറയ്ക്ക് സൗജന്യമായി നൈപുണ്യ പരിശീലനം നൽകുന്ന അന്താരാഷ്ട്ര സ്കില്ലിങ് സെന്റർ വയനാട്ടിൽ സ്ഥാപിക്കുമെന്ന് ജെയിൻ യൂണിവേഴ്സിറ്റി. ദുരിതബാധിതരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസംഹോസ്പിറ്റാലിറ്റി മേഖലയിൽ വയനാട്ടിൽ നിന്നുള്ള യുവാക്കളെ വാർത്തെടുക്കുകയാണ് ലക്ഷ്യം. പ്രകൃതി ദുരന്തത്തിൽ ഉറ്റവരെയും ജീവിതമാർഗവും നഷ്ടമായവരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി പ്രഖ്യാപിച്ചതെന്ന് ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം ജോസഫ് പറഞ്ഞു.




# പരിമിത സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തിയും മികച്ച വിജയങ്ങൾ കൈവരിക്കാം: വിജി വെങ്കടേഷ്

**കൊച്ചി:** പരിമിതമായ സാഹചര്യങ്ങളും സ്രോതസ്സുകൾ ഉപയോഗപ്പെടുത്തിയാണ് മുത്തുച്ചിപ്പിയിൽ മുത്തുണ്ടാകുന്നത്. അത്തരത്തിൽ ലോകമാണ് നിങ്ങളുടെ മുത്തുച്ചിപ്പിയെന്ന് കരുതുന്നവർക്ക് വിജയം നേടാനാവുമെന്ന് മാക്സ് ഫൗണ്ടേഷൻ സൗത്ത് ഏഷ്യ റീജിയൻ ഹെഡും നടിയുമായ വിജി വെങ്കടേഷ് പറഞ്ഞു. വിമൻ എന്റർപ്രണേഴ്സ് നെറ്റ്വർക്ക് ഫൗണ്ടേഷൻ വെൻബിസ്കോൺ 2024 കൊച്ചി ഗ്രാന്റ് ഹയാത്തിൽഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.ഏതു കാര്യത്തിലും തുടർച്ചയായ പഠനവും പറ്റില്ലെന്ന ചിന്താഗതിയും ഉപേക്ഷിക്കുകയും ഓരോരുത്തരുടേയും ഉള്ളിലേക്ക് നോക്കുകയും സ്വയം ശക്തി തിരിച്ചറിയുകയും ചെയ്യുന്നവർക്ക് വിജയത്തിലേക്കുള്ള വഴിതുറക്കുമെന്നും അവർ പറഞ്ഞു. ഉദ്ഘാടന ചടങ്ങിൽ ഷീല കൊച്ചൗസേപ്പ് അധ്യക്ഷത വഹിച്ചു. വേലിക്കെട്ടുകൾ തകർക്കുക പാരമ്പര്യം കെട്ടിപ്പടുക്കുക എന്ന ടാഗ്ലൈനിൽ സംഘടിപ്പിക്കുന്ന വെൻബിസ്കോൺ 2024ന്റെ പ്രമേയം ഇൻസ്പെയർ, ഇന്നൊവേറ്റ്, ഇവോൾവ് എന്നതാണ്. എഴുത്തുകാരനും ബിസിനസ് സ്ട്രാറ്റജിസ്റ്റും പോസിറ്റീവ് റെവല്യൂഷൻ സഹസ്ഥാപകനുമായ പോൾറോബിൻസൺ, യൂട്യൂബറും ആങ്കറും നടിയും പേളി പ്രൊഡക്ഷൻ സഹസ്ഥാപകയുമായ പേളി മാണി, നാച്ചുറൽസലൂൺ ആന്റ് സ്പാ സഹസ്ഥാപകനും സി എം ഡിയുമായ സി കെ കുമാരവേൽ, അംബിക പിള്ളൈ സ്ഥാപകഅംബിക പിള്ള, ആർത ഫിനാൻഷ്യൽ സർവീസസ് സ്ഥാപക ഉത്തര രാമകൃഷ്ണൻ, പി ബി മുരികൻ ആന്റ് അസോസിയേറ്റ്സ് സ്ഥാപക പുഷ്പി മുരികൻ, പ്യൂർ ലിവിംഗ് സ്ഥാപക ലക്ഷ്മി എൻ മേനോൻ, ഷോപ്പിസഹസ്ഥാപക നികിത ശങ്കർ, ഫെമിസെയ്ഫ് സഹസ്ഥാപക നൗറീൻ ആയിഷ, ഇഴ കൺസർവേഷൻആർക്കിടെക്ട്സ് സഹസ്ഥാപക സ്വാതി സുബ്രഹ്മണ്യൻ, ഹിപ്സ്വേ സഹസ്ഥാപകയും നടിയുമായ അപർണബാലമുരളി, വെൻ ഫൗണ്ടേഷൻ പ്രസിഡന്റ് ദിവിയ തോമസ്, സെക്രട്ടറി ഡോ. മുംതാസ് ഖാലിദ് ഇസ്മാഈൽതുടങ്ങിയവർ പങ്കെടുത്തു.




# കരൾ വിദഗ്ധരുടെ സമ്മേളനത്തിന് കൊച്ചിയിൽ തുടക്കം

**കൊച്ചി:** ഹെപ്പറ്റോളജിയുടെ (കരൾ രോഗ ശാസ്ത്രവിഭാഗം) ഭാവി രൂപപ്പെടുത്തുക എന്ന പ്രമേയത്തിൽ ഇന്ത്യൻ നാഷണൽ അസോസിയേഷൻ ഫോർ ദി സ്റ്റഡി ഓഫ് ലിവറിന്റെ (ഐഎൻഎഎസ്എൽ) 32ാമത് വാർഷിക ശാസ്ത്ര സമ്മേളനം കൊച്ചി ലെ മെറിഡിയനിൽ ആരംഭിച്ചു.പ്രൊഫ. ജെ.ബി. ദിലാവാരി സമ്മേളനത്തിൽ മുഖ്യാതിഥിയായി.യൂറോപ്യൻ അസോസിയേഷൻ ഫോർ സ്റ്റഡി ഓഫ് ദി ലിവർ (ഇഎഎസ്എൽ) സെക്രട്ടറി ജനറൽ പ്രൊഫ. അലക്സാണ്ടർ ക്രാഗ്, ഇന്റർനാഷണൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ സൊസൈറ്റി (ഐഎൽടിഎസ്) പ്രതിനിധി പ്രൊഫ. നാസിയ സെൽസ്നർ എന്നിവർ വിശിഷ്ടാതിഥികളായിരുന്നു.കൊച്ചി ആസ്റ്റർ മെഡ്സിറ്റി മെഡിക്കൽ ഗ്യാസ്ട്രോഎൻട്രോളജി സീനിയർ കൺസൾട്ടന്റും ഐഎൻഎഎസ്എൽ 2024 ഓർഗനൈസിംഗ് ചെയർപേഴ്സണുമായ ഡോ. ജി.എൻ രമേശ്, ഐഎൻഎഎസ്എൽ പ്രസിഡന്റ് പ്രൊഫ. എസ്.പി സിംഗ്, ഐഎൻഎഎസ്എൽ സെക്രട്ടറി ജനറൽ പ്രൊഫ. അജയ് ഡുസേജ, ഇഎഎസ്എൽ സെക്രട്ടറി ജനറൽ പ്രൊഫ. അലക്സാണ്ടർ ക്രാഗ്, ഐഎൽടിഎസ് പ്രസിഡന്റ് പ്രൊഫ. നാസിയ സെൽസ്നർ, പ്രൊഫ.ജെബി ദിലാവാരി, കൊച്ചി ആസ്റ്റർ മെഡ്സിറ്റി ഹെപ്പറ്റോളജി സീനിയർ കൺസൾട്ടന്റും ഐഎൻഎഎസ്എൽ2024 ഓർഗനൈസിംഗ് സെക്രട്ടറി ഡോ. ചാൾസ് പനക്കൽ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

സമ്മേളനത്തിൽ പ്രവചനാത്മകവും തടയാനാകുന്നതുമായ കരൾ രോഗങ്ങൾ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, മദ്യപാനവുമായി ബന്ധപ്പെട്ടുള്ള കരൾ രോഗങ്ങൾ, വൈറൽ ഹെപ്പറ്റൈറ്റിസ്, മെറ്റബോളിക് വ്യതിയാനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന കരളിലെ കൊഴുപ്പ്, കരൾരോഗികളിലെ വൃക്കരോഗം, ഓട്ടോ ഇമ്മ്യൂൺ കരൾ രോഗങ്ങൾ തുടങ്ങിയ പ്രധാന വിഷയങ്ങൾ ചർച്ച ചെയ്യും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ലോങ് റേഞ്ച് ആർഒവി; ഡിആർഡിഒ കരാർ നേടി കെഎസ് യു എം സ്റ്റാർട്ടപ്പ് ഐറോവ്

**കൊച്ചി:** രാജ്യത്തെ വാണിജ്യാവശ്യങ്ങൾക്കായുള്ള ആദ്യ തദ്ദേശീയ അണ്ടർ വാട്ടർ ഡ്രോൺ വികസിപ്പിച്ച ഐറോവ് ഡിആർഡിഒ(ഡിഫൻസ് റിസർച്ച് ഡെവലപമൻറ് ഓർഗനൈസേഷൻ) എൻഎസ്ടിഎയുടെ ലോങ്റേഞ്ച് ആർഒവിയ്ക്കായുള്ള കരാറിനായുള്ള ധാരണാപത്രം ഒപ്പിട്ടു. രണ്ട് കി.മി വരെ സമുദ്രാന്തർ ഭാഗത്ത് നിരീക്ഷണം നടത്താനുള്ള ഡ്രോൺ വികസിപ്പിക്കുന്നതിനു വേണ്ടിയാണ് കരാർ.

വിശാഖപട്ടണത്തെ എൻഎസ്ടിഎല്ലി നടന്ന ചടങ്ങിൽ ഡയറക്ടറേറ്റ് ഓഫ് ടെക്നോളജി ഡെവലപ്മൻറ് ഫണ്ട്ഡയറക്ടർ നിധി ബൻസാ , ഐറോവ് സഹസ്ഥാപകൻ കണ്ണപ്പ പളനിയപ്പൻ എന്നിവർ ധാരണാപത്രം കൈമാറി.ഇന്ന് വരെ എത്തിപ്പെടാത്ത ആഴത്തിൽ പ്രവർത്തിക്കുന്ന റിമോട്ട് ഓപ്പറേറ്റഡ് വെഹിക്കൾ ആണ് ഡിആർഡിഒ ഫണ്ട് ഉപയോഗിച്ച് ഐറോവിന് നിർമ്മിക്കേണ്ടത്. സമുദ്രത്തിൻറെ ആഴത്തിൽ ദീർഘദൂരം പോകാനും വസ്തുക്കൾ തെരയുക, ഭീഷണിയുള്ള വസ്തുക്കളെ നിർവീര്യമാക്കുക തുടങ്ങിയവയാണ് പുതിയ ഉപകരണം ചെയ്യേണ്ടത്.

ഡിസൈൻ, ഇനോവേഷൻ എന്നിവയി സ്വയംപര്യാപ്തത നേടുന്നതിനായി 2014 ആരംഭിച്ച മേക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ ഭാഗമായാണ് ഡിആർഡിഒ ഡിടിഡിഎഫ് എന്ന ഫണ്ടിംഗ് പദ്ധതി ആരംഭിച്ചത്. ആത്മനിർഭർ ഭാരത് നയത്തിൻറെ അടിസ്ഥാനത്തിൽ രാജ്യത്തെ വിവിധ എംഎസ്എംഇ, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് ദേശീയപ്രാധാന്യമുള്ള നിരവധി പദ്ധതികൾ പൂർത്തീകരിക്കുന്നതിനാണ് ഫണ്ട് അനുവദിക്കുന്നത്. ഇതു വരെ 75 പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചു കഴിഞ്ഞു. എൻഎസ്ടിഎ ഡയറക്ടർ ഡോ. അബ്രഹാം വർഗീസ്, മുതിർന്ന ഡിആർഡിഒഎൻഎസ്ടിഎ ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.ഐറോവിൻറെ പ്രവർത്തന ചരിത്രത്തിൽ ഇതൊരു നാഴികക്കല്ലാണെന്ന് കണ്ണപ്പ പളനിയപ്പൻ പറഞ്ഞു. സമുദ്രാന്തർ ഭാഗത്തെ ഗവേഷണത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടു വരാൻ ഇതിലൂടെ കഴിയും. ഇതോടൊപ്പം രാജ്യത്തിൻറെ പ്രതിരോധ മേഖലയിലും പ്രവർത്തിക്കാൻ കഴിയുന്നത് അഭിമാനാർഹമാണെന്നും അദ്ദേഹം പറഞ്ഞു. സഹപാഠികളായിരുന്ന ജോൺസ് ടി മത്തായി, കണ്ണപ്പ പളനിയപ്പൻ എന്നിവർ ചേർന്ന് 2017 ലാണ് ഐറോവ് കമ്പനി ആരംഭിച്ചത്. ജലാന്തർ ഭാഗത്തേക്ക് ചെന്ന് വ്യക്തമായ ദൃശ്യങ്ങളും വിവരശേഖരണവും നടത്തുന്ന ഐറോവ് ട്യൂണ എന്ന ഡ്രോൺ ഏറെ ശ്രദ്ധയാകർഷിച്ചു.തദ്ദേശീയമായി നിർമ്മിച്ച ഡ്രോണുകൾ, പ്രതിരോധം, ദുരന്ത നിവാരണം, അണക്കെട്ടുകൾ, പാലങ്ങൾ, എണ്ണക്കിണറുകൾ, തുറമുഖങ്ങൾ, കപ്പൽ വ്യവസായം എന്നിവയിൽ ഉപയോഗിച്ച് വരുന്നു. തീരസംരക്ഷണ സേന, ഡിആർഡിഒ ലാബുകൾ, സിഎസ്ഐആർഎസ്സിആർസി എന്നീ സ്ഥാപനങ്ങൾ ഉപയോഗിച്ച് വരുന്നുണ്ട്. ഇതിനകം തന്നെ ദേശീയഅന്തർദേശീയ തലത്തിൽ ഏറെ അംഗീകാരങ്ങൾ നേടിയിട്ടുള്ള ഈ ഉത്പന്നം ഡിആർഡിഒ, എൻപിഒഎ , ബിപിസിഎ , സിഎസ്ഐആർ, ഇന്ത്യൻ റെയിൽവേ, അദാനി, ടാറ്റ, എൻഎച്ച്ഡിസി, കെഎൻഎൻഎ തുടങ്ങി വിവിധ സ്ഥാപനങ്ങൾക്കായി 100 ലധികം പര്യവേഷണങ്ങൾ നടത്തിക്കഴിഞ്ഞു.

ഇതിനു ഐറോവ് വികസിപ്പിച്ചെടുത്ത ഐബോട്ട് ആൽഫ എന്ന ആളില്ലാ ബോട്ട് ശ്രദ്ധയാകർഷിച്ചു കഴിഞ്ഞു. സമുദ്രോപരിതലത്തിലെ വിവരശേഖരണത്തോടൊപ്പം സമുദ്രാന്തർഭാഗത്തെ ഡാറ്റാ ശേഖരണം, പാരിസ്ഥിതിക വിവരങ്ങൾ തുടങ്ങിയവയ്ക്കും ഉപയോഗിക്കാം. ഡീസൽ ബോട്ടിനേക്കാൾ മലിനീകരണത്തോത് ഏറെ ഇതിനു കുറവാണ്. ഗെയിൽ ഇന്ത്യാ ലിമിറ്റഡ്, കെ ചിറ്റിലപ്പള്ളി ട്രസ്റ്റ്, ഒൺട്രപ്രണർഷിപ്പ് ഡെവലപ്മൻറ് സെൻറർ എന്നിവയും ഐറോവിലെ നിക്ഷേപകരാണ്.

കേരള സ്റ്റാർട്ടപ്പ് മിഷനോടൊപ്പം മേക്കർവില്ലേജിലും കമ്പനി ഇൻകുബേറ്റ് ചെയ്തിട്ടുണ്ട്. ബിപിസിഎ , ഗെയിൽ എന്നിവയുടെ സീഡ് ഫണ്ടും ഐറോവിന് ലഭിച്ചു. കളമശ്ശേരിയിലെ ടെക്നോളജി ഇനോവേഷൻ സോണിലാണ് ഐറോവിൻറെ ആസ്ഥാനം.

# എൻഎസ്ഇയിൽ രജിസ്റ്റർ ചെയ്ത നിക്ഷേപകരുടെ എണ്ണം 10 കോടി കടന്നു

**കൊച്ചി:** നാഷണൽ സ്റ്റോക് എക്സ്ചേഞ്ചിൽ (എൻഎസ്ഇ) രജിസ്റ്റർ ചെയ്ത നിക്ഷേപകരുടെ എണ്ണം 2024 ആഗസ്റ്റ് എട്ടിന് പത്തു കോടി കടന്നു. ഉപഭോക്താക്കൾക്ക് ഒന്നിലേറെ ട്രേഡിങ് മെമ്പർ രജിസ്ട്രേഷൻ നടത്താനാവുന്നതിനാൽ ഇതുവരെയുള്ള ആകെ ക്ലൈൻറ് രജിസ്ട്രേഷൻ 19 കോടിയിലും എത്തിയിട്ടുണ്ട്.എൻഎസ്ഇയിലെ നിക്ഷേപക രജിസ്ട്രേഷൻ വർധിച്ചു വരുന്ന പ്രവണതയാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി ദൃശ്യമാകുന്നത്. പ്രവർത്തനമാരംഭിച്ച് 14 വർഷങ്ങൾ കൊണ്ടാണ് എക്സ്ചേഞ്ചിലെ നിക്ഷേപക രജിസ്ട്രേഷൻ ഒരു കോടിയിലെത്തിയത്. അടുത്ത ഒരു കോടി രജിസ്ട്രേഷൻ ഏഴു വർഷം കൊണ്ടും തുടർന്നുള്ള ഒരു കോടി രജിസ്ട്രേഷൻ മൂന്നര വർഷം കൊണ്ടും അതിനു ശേഷമുള്ള ഒരു കോടി രജിസ്ട്രേഷൻ ഒരു വർഷത്തിനു മേൽ സമയം കൊണ്ടുമാണുണ്ടായത്. ഇങ്ങനെ 2021 മാർച്ചിലാണ് 25 വർഷം കൊണ്ട് നാലു കോടി രജിസ്ട്രേഷൻ ഉണ്ടായത്. പക്ഷേ തുടർന്നുള്ള ഓരോ കോടി രജിസ്ട്രേഷനും ശരാശരി 67 മാസങ്ങളിലാണ് കൈവരിക്കാനായത്. ഏറ്റവും ഒടുവിലെ ഒരു കോടി രജിസ്ട്രേഷൻ അഞ്ചു മാസത്തിനു മേൽ സമയത്തിലുമുണ്ടായി.പ്രതിദിനം ശരാശരി 50,000 മുതൽ 78,000 വരെ പുതിയ രജിസ്ട്രേഷനാണ് ഇപ്പോൾ നടക്കുന്നത്. ഡിജിറ്റലൈസേഷൻ, നിക്ഷേപ അവബോധം, എല്ലാവരേയും സാമ്പത്തിക സേവനങ്ങളിൽ ഉൾപ്പെടുത്താനുള്ള നീക്കങ്ങൾ തുടങ്ങിയ മേഖലകളിലെ വളർച്ച പുതിയ നിക്ഷേപകരുടെ കടന്നു വരവ് വേഗത്തിലാക്കി. വിപണിയുടെ സുസ്ഥിര പ്രകടനവും ഇതിനു പിൻബലമേകി.കെവൈസി പ്രക്രിയകൾ സുഗമമാക്കിയതും സാമ്പത്തിക സാക്ഷരത വളർന്നതും ക്രിയാത്മക വിപണി വികാരങ്ങളും നിക്ഷേപകരുടെ രജിസ്ട്രേഷൻ വർധിക്കാൻ ഇടയാക്കിയെന്നും വിവിധ എക്സ്ചേഞ്ച് ട്രേഡഡ് നിക്ഷേപങ്ങളിലെ വർധിച്ച പങ്കാളിത്തവും ഇതിനു സഹായകമായതായി എൻഎസ്ഇ ചീഫ് ബിസിനസ് ഡെവലപ്മെൻറ് ഓഫീസർ ശ്രീരാം കൃഷ്ണൻ പറഞ്ഞു.

# 50 ശതമാനം വിപണി വിഹിതം നേടി ജിയോഭാരത്

**കൊച്ചി:** 1000 രൂപയ്ക്ക് താഴെയുള്ള ഫോണുകളുടെ വിപണിയിൽ മുന്നേറ്റം നടത്തി റിലയൻസ് ഇൻഡസ്ട്രീസിന്റെ ഭാഗമായ ജിയോഭാരത്. റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 2024ലെ വാർഷിക റിപ്പോർട്ടിലെ കണക്കുകൾ പ്രകാരം സെഗ്മെന്റിൽ 50 ശതമാനം വിപണിവിഹിതമാണ് ജിയോഭാരത് നേടിയിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ഓരോ ഇന്ത്യക്കാരനെയും ഡിജിറ്റൽ സേവനങ്ങളിലൂടെ ശാക്തീകരിക്കുകയെന്ന ലക്ഷ്യത്തിൽ പ്രവർത്തനമാരംഭിച്ച ജിയോഭാരത് 250 ദശലക്ഷം ഫീച്ചർഫോൺ ഉപയോക്താക്കൾക്ക് ഡിജിറ്റൽ സ്വാതന്ത്ര്യം നൽകുന്ന പ്രക്രിയയിലെ സുപ്രധാന നാഴികക്കല്ലാണെന്നാണ് കമ്പനി കരുതുന്നത്. രാജ്യത്ത് മുമ്പെങ്ങുമില്ലാത്ത വിധത്തിൽ ഡിജിറ്റൽ അസമത്വം കുറയ്ക്കുന്നതിൽ മുഖ്യ പങ്കുവഹിക്കാൻ ജിയോഭാരതിനായിട്ടുണ്ട്.

# ഹൈദരാബാദിൽ 50 വർഷങ്ങൾ പൂർത്തിയാക്കി ഫെഡറൽ ബാങ്ക്

**കൊച്ചി** : രാജ്യത്തെ മുൻനിര സ്വകാര്യമേഖലാ ബാങ്കുകളിലൊന്നായ ഫെഡറൽ ബാങ്ക് ഹൈദരാബാദിൽ പ്രവർത്തനമാരംഭിച്ചിട്ട് 50 വർഷം തികഞ്ഞു. കഴിഞ്ഞ അഞ്ചു പതിറ്റാണ്ടായി ആന്ധ്രാപ്രദേശ്, തെലുങ്കാന സംസ്ഥാനങ്ങളിലെ ഇടപാടുകാരുടെയും സ്ഥാപനങ്ങളുടെയും വിശ്വസ്ത ബാങ്കിംഗ് പങ്കാളിയായി മാറിയ ഫെഡറൽ ബാങ്കിന് നിലവിൽ 37 ശാഖകളാണുള്ളത്.ഈ വർഷം പുതിയ 1012 ശാഖകൾ കൂടി ആരംഭിക്കാൻ പദ്ധതിയിടുന്ന ബാങ്ക് അടുത്ത വർഷവും പുതിയ ശാഖകൾ തുറക്കും. ആന്ധ്രാപ്രദേശ്, തെലുങ്കാന സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന പ്രത്യേക സോൺ ആരംഭിക്കാനും ഉദ്ദേശമുണ്ട്.ബാംഗലൂരുവിലെ റീട്ടെയിൽ ക്രെഡിറ്റ് ഹബ്ബ്, ഹൈദരാബാദിലെ റീജണൽ ക്രെഡിറ്റ് ഹബ്ബ് എന്നിവയുടെ പിന്തുണയോടെ ഈ മേഖലയിലെ കാർഷിക, ഗ്രാമീണ മേഖലകളിലെ വികസനത്തിൽ നിർണായ പങ്കാണ് ബാങ്ക് വഹിക്കുന്നത്.നഗരത്തിന്റെ പുരോഗതിക്കായി ഏറ്റവും മികച്ച സാമ്പത്തിക സഹായങ്ങൾ നൽകാനുള്ള ബാങ്കിന്റെ പ്രതിബദ്ധത തുടരുമെന്ന് ഫെഡറൽ ബാങ്ക് സീനിയർ വൈസ് പ്രസിഡന്റും സോണൽ മേധാവിയുമായ ദിലീപ് ബി പറഞ്ഞു.

# വ്യാപാര സാധ്യതകൾ ചർച്ച ചെയ്ത് എസ്ഐബി എക്സിം കണക്ട്

**കൊച്ചി:** ഇന്ത്യയുടെ കയറ്റുമതി ഇറക്കുമതി സാധ്യതകളെ പ്രയോജനപ്പെടുത്തി വിദേശ വിപണികളിൽ വ്യാപാരം നടത്തുന്നവർക്കായി സൗത്ത് ഇന്ത്യൻ ബാങ്ക് സംഘടിപ്പിച്ച എസ്ഐബി എക്സിം കണക്ട് 2024 ശ്രദ്ധേയമായി. മരടിലെ ഹോട്ടൽ ക്രൗൺ പ്ലാസയിൽ നടന്ന ശിൽപശാല സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ പി. ആർ. ശേഷാദ്രി ഉദ്ഘാടനം ചെയ്തു. മറൈൻ പ്രൊഡക്ട് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോരിറ്റി വൈസ് ചെയർമാൻ അലക്സ് കെ. നൈനാൻ സംസാരിച്ചു.

കയറ്റുമതി രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഇന്ത്യയുടെ വിദേശ വ്യാപാര നയങ്ങൾ ഏതെല്ലാം വിധത്തിൽ ഉപകാരപ്രദമാകുമെന്ന വിഷയത്തിൽ ഫോറിൻ ട്രേഡ് അസിസ്റ്റന്റ് ഡയറക്ടർ ജനറൽ എൻ. എ. ഹസ്സൻ ഉസൈദ് ഐടിഎസ് സംസാരിച്ചു . നമ്മുടെ വിദേശ വ്യാപാരം സുഗമമാക്കുന്നതിനു വേണ്ടി കസ്റ്റംസ് വകുപ്പ് നടപ്പിലാക്കുന്ന നൂതന മാർഗങ്ങളെക്കുറിച്ച് കൊച്ചി കസ്റ്റംസ് കമ്മിഷണർ ഗുർകരൺ സിംഗ് ബെയിൻസ് ഐആർഎസ്സും കയറ്റുമതി ഇറക്കുമതി മേഖലയിലെ ഫെമ (എജ്ജങ്ങഅ) നിയമവും നടപടിക്രമങ്ങളും എന്ന വിഷയത്തിൽ സൗത്ത് ഇന്ത്യൻ ബാങ്ക് അസിസ്റ്റന്റ് ജനറൽ മാനേജർ കെ. എസ്. രാധാകൃഷ്ണനും സെഷനുകൾ സംഘടിപ്പിച്ചു.



സൊസൈറ്റി ടുഡേ
SOCIETY TODAY

# ഹോണ്ട ഇന്ത്യ ടാലൻറ് കപ്പ്: മൂന്നാം റൗണ്ടിൽ സിദ്ധേഷ് സാവന്തിന് വിജയം




**കൊച്ചി:** ചെന്നൈയിലെ മദ്രാസ് ഇന്റർനാഷണൽ സർക്യൂട്ടിൽ നടന്ന 2024 ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലൻറ് കപ്പിന്റെ മൂന്നാം റൗണ്ടിൽ അപ്രമാദിത്യം തുടർന്ന് സിദ്ധേഷ് സാവന്ത്. ഹോണ്ട ഇന്ത്യ റൈഡർമാരുടെ മികച്ച പ്രകടനത്തിന് സാക്ഷിയായ മൂന്നാം റൗണ്ടിന്റെ രണ്ടാം റേസിൽ എട്ടു ലാപ്പുകളിലും കുതിപ്പ് തുടർന്നാണ് സിദ്ധേഷ് ഒന്നാമനായി ഫിനിഷ് ചെയ്തത്. എട്ട് ലാപ്പുകളിലായി ആകെ 15:11.679 സമയത്തിലായിരുന്നു 22 കാരനായ ഈ കോലാപ്പൂർ സ്വദേശിയുടെ നേട്ടം.

ബംഗളൂരിൽ നിന്നുള്ള 16കാരൻ സാവിയോൻ സാബു രണ്ടാം സ്ഥാനത്തും ഹൈദരാബാദിന്റെ ബീഥാനി രാജേന്ദർ മൂന്നാം സ്ഥാനത്തും ഫിനിഷ് ചെയ്തു. 15:14.661 എന്ന സമയത്തിലാണ് സാവിയോൻ സാബു രണ്ടാം സ്ഥാനത്തെത്തിയത്. 15:25.784 സമയത്തിൽ ബീഥാനി രാജേന്ദർ മൂന്നാം സ്ഥാനത്തും മത്സരം പൂർത്തിയാക്കി. രണ്ടാം റൗണ്ടിലെ രണ്ട് റേസുകളിലും ഒന്നാമനായ മലയാളി താരം മൊഹ്സിൻ പറമ്പന് മൂന്നാം റൗണ്ടിലെ റേസ് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. പ്രകാശ് കാമത്ത്, ശ്യാം സുന്ദർ, രക്ഷിത എസ് ദാവേ എന്നിവർക്കും നിർഭാഗ്യവശാൽ മത്സരം പൂർത്തിയാക്കാനായില്ല ആകെ അഞ്ച് റൗണ്ടുകളാണ് 2024 ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലന്റ് കപ്പിലുള്ളത്. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ചെന്നൈ മദ്രാസ് ഇന്റർനാഷണൽ സർക്യൂട്ടിൽ തന്നെയായിരിക്കും അവസാന രണ്ട് റൗണ്ടുകളും അരങ്ങേറുക.

# എൽഐസിയുടെ അറ്റാദായം 10,461 കോടി രൂപ

**കൊച്ചി:** സാമ്പത്തിക വർഷത്തിലെ ഒന്നാംപാദത്തിൽ 10,461 കോടി രൂപ അറ്റാദായം നേടി എൽഐസി. മുൻവർഷം ഇതേ പാദത്തിൽ 9,544 കോടി രൂപയായിരുന്നു. അറ്റാദായത്തിൽ 9.61 ശതമാനത്തിന്റെ വളർച്ചയാണ് രേഖപ്പെടുത്തിയത്. ആകെയുള്ള പ്രീമിയം വരുമാനം 15.66 ശതമാനം വർധിച്ച് 1,13,770 രൂപയിലെത്തി. പ്രീമിയം വരുമാനത്തിൽ, ഇന്ത്യയിലെ ഇൻഷുറൻസ് രംഗത്തെ 64.02 ശതമാനം മാർക്കറ്റ് ഷെയറും എൽഐസിയ്ക്കാണുള്ളത്. വ്യക്തിഗത ബിസിനസ് പ്രീമിയം വരുമാനം 13.67 ശതമാനം വർധനവോടെ 11,892 കോടി രൂപയിലെത്തി. മുൻപാദത്തെ അപേക്ഷിച്ച് ഗ്രൂപ്പ് ബിസിനസിൽ 30.87 ശതമാനം വളർച്ച രേഖപ്പെടുത്തി. ഇതേകാലയളവിൽ 46,578 കോടി രൂപയാണ് എൽഐസിക്ക് ഗ്രൂപ്പ് ബിസിനസിൽനിന്നും നേടാനായത്. എൽഐസിയുടെ ആകെ ആസ്തി 16.22 ശതമാനം വർധിച്ച് 53,58,781 ലക്ഷം കോടി രൂപയിലെത്തി. ഇന്ത്യയിലെ ഇൻഷുറൻസ് രംഗത്തെ അതികായകരെന്ന നിലയിൽ രാജ്യത്തെ മുഴുവൻ ആളുകൾക്കും മെച്ചപ്പെട്ട ഇൻഷുറൻസ് സേവനം നൽകാൻ എൽഐസി പ്രതിജ്ഞാബദ്ധരാണെന്ന് എംഡിയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ സിദ്ധാർത്ഥ മൊഹന്തി പറഞ്ഞു.

# ദുരിതബാധിതർക്ക് ജില്ലയ്ക്ക് പുറത്തും മാനസികാരോഗ്യ സേവനം

**തിരുവനന്തപുരം:** വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ സാഹചര്യത്തിൽ ദുരിതബാധിതർക്ക് ജില്ലയ്ക്ക് പുറത്തും മാനസികാരോഗ്യ സേവനം ഉറപ്പാക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർദേശം നൽകി. സ്റ്റേറ്റ് മെന്റൽ ഹെൽത്ത് നോഡൽ ഓഫീസർ വയനാട്ടിലെത്തി മാനസികാരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരുന്നു. ക്യാമ്പുകളിലും വീടുകളിലും കഴിയുന്നവരിൽ ആവശ്യമായവർക്ക് സൈക്യാട്രിസ്റ്റിന്റെ സേവനം കൂടി ഉറപ്പാക്കുന്നതിനുള്ള ക്രമീകരണമൊരുക്കി. ദീർഘകാല മാനസികാരോഗ്യ സേവനം ഉറപ്പാക്കാനുള്ള നടപടികൾ ആരംഭിച്ചതായും മന്ത്രി പറഞ്ഞു. ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട ആരോഗ്യ വകുപ്പിന്റെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ഇരയായവരിൽ കണ്ണടകൾ നഷ്ടപ്പെട്ട എല്ലാവർക്കും കണ്ണടകൾ ഉറപ്പാക്കി. ആരോഗ്യവകുപ്പ് നേത്ര പരിശോധന നടത്തിയാണ് കണ്ണടകൾ വിതരണം ചെയ്യുന്നത്.



# സീറോമലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി 22 ന്

**കൊച്ചി:** സീറോമലബാർ സഭ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി ഈ മാസം 22 ന് പാലായിൽ നടക്കുമെന്ന് മാധ്യമ കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി കമ്മിറ്റി കൺവീനർ ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിലും സെന്റ് തോമസ് കോളേജ് ക്യാമ്പസ്സുമാണ് വേദി. ആഗസ്റ്റ് 22 വ്യാഴാഴ്ച വൈകുന്നേരം ആരംഭിച്ചു 25 ഞായറാഴ്ച ഉച്ചയോടെ സമാപിക്കുന്ന രീതിയിലാണ് അസംബ്ലി ക്രമീകരിച്ചിരിക്കുന്നത്. മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിലിന്റെ അധ്യക്ഷതയിൽ ചേരുന്ന അസംബ്ലിയുടെ ഉദ്ഘാടനം ഇന്ത്യയുടെ അപ്പസ്റ്റോലിക്ക് നുൻസിയോ ആർച്ചുബിഷപ്പ് ലിയോപോൾദോ ജിറെല്ലി നിർവ്വഹിക്കും. മലങ്കര ഓർത്തഡോക്സ് സഭയുടെ അധ്യക്ഷൻ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ ബാവ, കേരളാ ലത്തീൻ ബിഷപ്പ്സ് കൗൺസിലിന്റെ പ്രസിഡന്റ് വർഗ്ഗീസ് ചക്കാലക്കൽ , മലങ്കര മെട്രോപൊളിറ്റൻ ആർച്ചുബിഷപ്പ് ജോസഫ് മാർ ഗ്രിഗോറിയോസ്, സി.ബി.സി.ഐ. പ്രസിഡന്റ് ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, കേന്ദ്രമന്ത്രി അഡ്വ. ജോർജ് കുര്യൻ, മന്ത്രി റോഷി അഗസ്റ്റിനും അസംബ്ലിയുടെ വിവിധ ഘട്ടങ്ങളിൽ പങ്കെടുത്ത് സംസാരിക്കും. സീറോമലങ്കര സഭയുടെ അധ്യക്ഷൻ കർദിനാൾ ബസേലിയോസ് ക്ളീമിസ് കാതോലിക്കാ ബാവ സമാപന സമ്മേളനത്തിൽ മുഖ്യഅതിഥിയായി പങ്കെടുക്കും. 80 വയസിൽ താഴെ പ്രായമുള്ള 50 മെത്രാന്മാർ, 108 വൈദികർ,146 അൽമായർ 37 സമർപ്പിത സഹോദരിമാർ ഏഴ് ബ്രദേഴ്സും പ്രാതിനിധ്യ സ്വഭാവത്തോടെ ഉൾപ്പെടുന്ന 348 അംഗങ്ങളാണ് അസംബ്ലിയിൽ പങ്കെടുക്കുന്നത്. 'കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോമലബാർസഭയിൽ' എന്നതാണ് ഈ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ പഠനവിഷയം,സീറോമലബാർസഭയിലെ വിശ്വാസപരിശീലന രൂപീകരണം,,സുവിശേഷപ്രഘോഷണത്തിൽ അൽമായരുടെ സജീവ പങ്കാളിത്തം,സീറോമലബാർ സമുദായ ശാക്തീകരണം എന്നിവയാണ് മുന്നു പ്രമേയങ്ങൾ.അസംബ്ലിയിൽ നടക്കുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപംകൊള്ളുന്ന ആശയങ്ങൾ സീറോമലബാർസഭയുടെ പഠനത്തിനും പ്രായോഗികതയ്ക്കും ഉതകുംവിധം ഒരു പ്രബോധനരേഖയായി മേജർ ആർച്ചുബിഷപ്പ് പുറത്തിറക്കും. ഫാ.ഡോ. ആന്റണി വടക്കേകര വി.സി. (പി.ആർ.ഓ. & സെക്രട്ടറി, മാധ്യമ കമ്മീഷൻ), ഡോ. ജോജി കല്ലിങ്ങൽ (സെക്രട്ടറി, മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി കമ്മിറ്റി),ഡോ. കൊച്ചുറാണി ജോസഫ് (സഭാവക്താവ്),അഡ്വ. അജി ജോസഫ് (സഭാവക്താവ്) എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ദുബായ് സന്ദർശകരുടെ എണ്ണത്തിൽ വർദ്ധനവ്



**ദുബായ്:** 2024 ജനുവരി മുതൽ ജൂൺ വരെയുള്ള ആദ്യ പാദത്തിൽ 9.31 മില്യൺ സന്ദർശകർ ദുബൈയിലെത്തിയതായി അധികൃതർ. 2023ന്റെ ആദ്യ പകുതിയിലെ 8.55 മില്യൺ വിനോദസഞ്ചാരികളെ അപേക്ഷിച്ച് 9% വർദ്ധനവാണ് ഈ വർഷം കാണിച്ചത്. ദുബായ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമി ആൻഡ് ടൂറിസം (ഡിഇടി) പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരമാണിത്. 2023ൽ 17.15 ദശലക്ഷം അന്താരാഷ്ട്ര സന്ദർശകർക്ക് നഗരം ആതിഥേയത്വം വഹിച്ചപ്പോൾ ഈ വർഷത്തെ ആദ്യ ആറ് മാസങ്ങളിൽ ദുബായ് അതിന്റെ ശക്തമായ ടൂറിസം വ്യവസായത്തിന്റെ മികവിൽ 2024ൽ നഗരത്തെ റെക്കോർഡ് പ്രകടനത്തിലേക്ക് നയിച്ചു. സന്ദർശിക്കാനും ജീവിക്കാനും ജോലി ചെയ്യാനുമുള്ള ഏറ്റവും മികച്ച നഗരമായി ദുബായിയെ മാറ്റുക എന്ന പരമപ്രധാനമായ ലക്ഷ്യവുമായി പങ്കാളികളുമായി സഹകരിച്ച് ഡിഇടിയുടെ ശ്രമങ്ങളാണ് ഇതിലേക്ക് നയിച്ചത്.പൊതുസ്വകാര്യ മേഖലകളിലെ പങ്കാളികളുമായി സഹകരിച്ച് ദുബായ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമി ആൻഡ് ടൂറിസം സൃഷ്ടിക്കുകയും നടപ്പിലാക്കുകയും ചെയ്ത നഗരവ്യാപകമായ തന്ത്രങ്ങളുടെ ഫലമാണ് ആദ്യ പാദത്തിലെ അന്താരാഷ്ട്ര സന്ദർശനത്തിന്റെ വർദ്ധനവ്. 2024 ജനുവരിയിൽ നടന്ന ട്രിപ്പ് അഡ്വൈസർ ട്രാവലേഴ്സ് ചോയ്സ് അവാർഡിൽ അഭൂതപൂർവമായ തുടർച്ചയായ മൂന്നാം വർഷവും ഒന്നാം നമ്പർ ആഗോള ലക്ഷ്യസ്ഥാനമായി ദുബായ് തിരഞ്ഞെടുക്കപ്പെട്ടു. ഈ അതുല്യമായ അംഗീകാരം നേടുന്ന ആദ്യത്തെ നഗരമാണ് ദുബായ്.നൂതനവും വ്യതിരിക്തവുമായ ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ, അനുഭവങ്ങൾ, ആകർഷണങ്ങൾ എന്നിവ ഉപയോഗിച്ച് നിലവാരം കൂടുതൽ ഉയർത്തിക്കൊണ്ട് ദുബായ് മുന്നിൽ തുടരുകയാണെന്ന് ദുബായ് കോർപ്പറേഷൻ ഫോർ ടൂറിസം ആൻഡ് കൊമേഴ്സ് മാർക്കറ്റിംഗ് (ഡിസിടിസിഎം) സിഇഒ ഇസാം കാസിം പറഞ്ഞു.അസാധാരണമായ ജീവിത നിലവാരം, സുരക്ഷ, പ്രവേശനക്ഷമത എന്നിവ ഒന്നിലധികം ആഗോള സൂചികകളിൽ സ്ഥിരമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്, ദുബായെ നിർബന്ധമായും സന്ദർശിക്കേണ്ട സ്ഥലമായി പ്രദർശിപ്പിക്കുന്നതിന് പൊതുസ്വകാര്യ മേഖലകൾ തമ്മിലുള്ള പങ്കാളിത്തം പ്രയോജനപ്പെടുത്താൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഈ വേനൽക്കാലത്ത് ഞങ്ങളുടെ ശക്തമായ ആഗോള, വിപണിനിർദ്ദിഷ്ട കാമ്പെയ്നുകൾ നയിക്കുന്നതിൽ ഞങ്ങളുടെ പങ്കാളികളുടെയും പങ്കാളികളുടെയും അചഞ്ചലമായ പിന്തുണ നിർണായകമാകും, കാരണം 2024 ന്റെ ബാക്കി ഭാഗങ്ങളിൽ ഈ നല്ല വളർച്ച കൈവരിക്കാൻ തങ്ങൾ ആഗ്രഹിക്കുന്നുവെന്നും ഇസാം കാസിം പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# പ്ലാൻ@എർത്ത് എൻജിഒയുമായി ധാരണാപത്രം ഒപ്പിട്ട് കുസാറ്റ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് (എസ്ഐഎഫ്) പരിസ്ഥിതി സംരക്ഷണത്തിനായി നിലകൊള്ളുന്ന പ്രമുഖ എൻജിഒ ആയ പ്ലാൻ@എർത്തുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. പരിസ്ഥിതി സംരക്ഷണവും സുസ്ഥിരതയുമായി ബന്ധപ്പെട്ട വികസന ലക്ഷ്യങ്ങൾ (എസ്ഡിജി) കൈവരിക്കുന്നതിനുള്ള സുപ്രധാന ചുവടുവെപ്പാണ് ഈ സഹകരണം. കുസാറ്റ് രജിസ്ട്രാർ പ്രൊഫ.ഡോ. വി.ശിവാനന്ദൻ ആചാരി അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് ഡയറക്ടറും പ്ലാൻ@എർത്ത് പ്രസിഡന്റ് മുജീബ് മുഹമ്മദുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. അപ്പോളോ ടയേഴ്സ് ഫൌണ്ടേഷനിലെ സിഎസ്ആർ സീനിയർ സ്പെഷ്യലിസ്റ്റ് നിഷിൻ ടി. പി മുഖ്യപ്രഭാഷണം നടത്തി.

ഡ്രൈവ് ഫോർ റിക്കവറി ഓഫ് ഓഷ്യൻ പ്ലാസ്റ്റിക് (ഡി. ആർ. ഒ. പി), കണ്ടൽക്കാടുകളുടെ പുനരുദ്ധാരണവും സംരക്ഷണവും എന്ന പേരിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളിൽ എസ്ഐഎഫ് കുസാറ്റ് സഹകരിക്കും.

വിവിധ പാരിസ്ഥിതിക പദ്ധതികൾ നടപ്പാക്കുന്നതിൽ പ്ലാൻ@എർത്തിന് സാങ്കേതിക പിന്തുണ നൽകാൻ ഈ ധാരണാപത്രം സഹായിക്കും. ഈ പങ്കാളിത്തം കൊണ്ട് എൻജിഒയുടെ നിലവിലുള്ള സംരംഭങ്ങൾക്ക് എസ്.ഐ.എഫിലെ അദ്ധ്യാപകരുടെ അറിവും വൈദഗ്ധ്യവും പ്രയോജനപ്പെടുത്താൻ സഹായിക്കും.

കൂടാതെ, ഇൻഡസ്ട്രിയൽ ഫിഷറീസിലെ വിദ്യാർത്ഥികൾക്ക് ഈ പദ്ധതികളിൽ സജീവമായി പങ്കെടുക്കാനും, സന്നദ്ധസേവനം നടത്താനും അവരുടെ അക്കാദമികവും തൊഴിൽപരവുമായ അഭിലാഷങ്ങൾക്ക് അനുസൃതമായ ഇന്റേൺഷിപ്പുകളിൽ ഏർപ്പെടാനുമുള്ള അവസരങ്ങൾ ലഭിക്കും.

ഇതുവഴി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിൻറെ മികവ് വർദ്ധിക്കുന്നതിനോടൊപ്പം പരിസ്ഥിസംരക്ഷണത്തിനുള്ള പ്രായോഗിക വഴികളും കഴിവുകളും അവർക്ക് ലഭിക്കുകയും ചെയ്യും.



# ഡോ. രമേഷ് ബാബു മെമ്മോറിയൽ പുരസ്കാരം വി.സ്വാതി ശശിധരന്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസും കുസാറ്റ് എസ്എംഎസ് 80 ഫൌണ്ടേഷനുമായി സഹകരിച്ച് 202224 ലെ എംബിഎ ഫുൾ ടൈം ബാച്ചിലെ മികച്ച ഔട്ട്ഗോയിംഗ് വിദ്യാർത്ഥിക്ക് ഡോ. രമേഷ് ബാബു മെമ്മോറിയൽ അവാർഡ് സമ്മാനിച്ചു. ഡോ. രമേശ് ബാബുവിന്റെ ഭാര്യ ഗീത രമേഷ് ബാബു സ്വാതി ശശിധരന് ?25000 രൂപയും മെമെൻറോ സർട്ടിഫിക്കറ്റും സമ്മാനിച്ചു. കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ.ഡോ. പി. ജി. ശങ്കരൻ ഉദ്ഘാടനെ ചെയ്ത ചടങ്ങിൽ എസ്എംഎസ് ഡയറക്ടർ ഡോ.സക്കറിയ കെ.എ അധ്യക്ഷത വഹിച്ചു. ഫെഡറൽ ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ ശ്യാം ശ്രീനിവാസൻ മുഖ്യാതിഥിയായി പങ്കെടുക്കുകയും വിദ്യാർത്ഥികളുമായി വിജ്ഞാവപ്രദവുമായ ചർച്ച നടത്തുകയും ചെയ്തു. ബാങ്കിംഗ് മേഖലയ്ക്കുള്ളിലെ സാങ്കേതികവിദ്യയുടെ വിനാശകരമായ സ്വാധീനത്തെക്കുറിച്ച് സംസാരിച്ച അദ്ദേഹം, വ്യവസായ ഭൂപ്രകൃതിയെ പുനർനിർമ്മിക്കുന്നതിൽ ഫിൻടെക് കമ്പനികളുടെ വർദ്ധിച്ചുവരുന്ന പങ്കിനെക്കുറിച്ച് ഊന്നിപ്പറഞ്ഞു. അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ബാങ്കിംഗ് മേഖലയിൽ അഭിവൃദ്ധി പ്രാപിക്കാൻ ആവശ്യമായ കഴിവുകൾ വികസിപ്പിക്കാൻ ശ്രീനിവാസൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിച്ചു. വ്യവസായത്തിലെ ഭാവി അവസരങ്ങളെയും വെല്ലുവിളികളെയും കുറിച്ചുള്ള സ്വന്തം ഉൾക്കാഴ്ചകള അദ്ദേഹം പരാമർശിച്ചു.

മികച്ച എം. ബി. എ പ്രോജക്ടുകൾക്കുള്ള പി. ടി. എ മെറിറ്റ് അവാർഡുകൾ അഞ്ജന ഒ, സാന്ദ്ര സരസൻ, അസ്മിൻ സാറ എന്നിവർക്ക് പ്രൊഫ. ഡോ. പി.ജി ശങ്കരൻ വിതരണം ചെയ്തു. ശങ്കരൻ. വിജയ അനന്തകൃഷ്ണൻ, വിജയ് രമേശ് ബാബു, രഞ്ജിനി കെ, ഡോ സാം തോമസ്, ഡോ ദേവി സൗമ്യജ, ഡോ രഞ്ജിനി ഡി, ഡോ സംഗീത കെ പ്രതാപ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.

തങ്ങളുടെ സഹപാഠിയും പ്രമുഖ വ്യവസായിയും സംരംഭകനുമായ പരേതനായ ഡോ. രമേഷ് ബാബുവിന്റെ സ്മരണയ്ക്കായി എസ്എംഎസ് 80 ഫൌണ്ടേഷൻ സ്ഥാപിച്ചതാണ് ഈ അവാർഡ്. 197880 ബാച്ചിലെ എസ്എംഎസ്, കുസാറ്റ് എംബിഎ വിദ്യാർത്ഥികളുടെ 2012 ൽ രൂപീകരിച്ച ഒരു ചാരിറ്റബിൾ ഓർഗനൈസേഷനാണ് എസ്എംഎസ് 80 ഫൌണ്ടേഷൻ.

# സംസ്കൃത സർവ്വകലാശാലയിൽ ഡി. ടി. പി. ഓപ്പറേറ്റർ

**കൊച്ചി:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിൽ ഡി ടി പി ഓപ്പറേറ്റർ തസ്തകയിൽ താൽക്കാലിക നിയമനം നടത്തുന്നതിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. കെ. ജി. ടി. ഇ. അല്ലെങ്കിൽ തത്തുല്യ സ്ഥാപനങ്ങളിൽ നിന്നും ടൈപ്പ്റൈറ്റിംഗ് ഹയർ (ഇംഗ്ലീഷ്, മലയാളം, ഹിന്ദി) യോഗ്യത നേടിയിരിക്കണം. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ഡാറ്റ എൻട്രിയിലും കൺസോൾ ഓപ്പറേഷൻസിലും സർട്ടിഫിക്കറ്റ് കോഴ്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, മൾട്ടിമീഡിയ സോഫ്റ്റ്!വെയറുകൾ, ടൈപ്പ്റൈറ്റിംഗ് (സംസ്കൃതം) എന്നിവയിൽ അറിവ്. കുറഞ്ഞത് മൂന്ന് വർഷത്തെ ജോലിപരിചയവും ഉണ്ടായിരിക്കണം. പ്രായപരിധിഃ 36 വയസ്സ്. അർഹതപ്പെട്ട സംവരണ വിഭാഗങ്ങൾക്ക് നിയമാനുസൃത ഇളവ് അനുവദിക്കുന്നതാണ്. വേതനംഃ പ്രതിദിനം 765/ (പ്രതിമാസം പരമാവധി 20,655/). അപേക്ഷ ഫീസ്ഃ ജനറൽ (500/), എസ്. സി. /എസ്. ടി. /പി. എച്ച്. (200/). ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 16. ഓൺലൈൻ അപേക്ഷയുടെ പകർപ്പ്, വയസ്, ജാതി, വിദ്യാഭ്യാസ യോഗ്യതകൾ, മാർക്കിലിസ്റ്റുകൾ, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സർവ്വകലാശാല രജിസ്ട്രാർക്ക് സമർപ്പിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 21. വിലാസംഃ ദി രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി പി. ഒ., എറണാകുളം 683574. കൂടുതൽ വിവരങ്ങൾക്കും ഓൺലൈനായി അപേക്ഷിക്കുന്നതിനും www.ssus.ac.in സന്ദർശിക്കുക.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിൽ ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ സാൻസ്ക്രിറ്റ് കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സിലേയ്ക്ക് (രണ്ട് സെമസ്റ്ററുകൾ) അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 17.

50% മാർക്കിൽ കുറയാതെ ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബിരുദം നേടി, സംസ്കൃതത്തിൽ അടിസ്ഥാന പരിജ്ഞാനമുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധിയില്ല. എഴുത്ത് പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനം. ആകെ 20 സീറ്റുകൾ.

ഹൈബ്രിഡ് മോഡിൽ ഓൺലൈനായും ഓഫ് ലൈനായുമാണ് പ്രോഗ്രാം നടത്തുക. വൈകുന്നേരങ്ങളിലും ശനി, ഞായർ ദിവസങ്ങളിലുമായിരിക്കും ക്ലാസുകൾ. ശനിയാഴ്ചകളിൽ രാവിലെ ഒമ്പത് മുതൽ വൈകിട്ട് അഞ്ച് വരെയും മറ്റ് ദിവസങ്ങളിൽ വൈകിട്ട് നാല് മുതൽ എട്ടുവരെയുമായിരിക്കും ക്ലാസുകൾ. സർവ്വകലാശാലയുടെ എൽ. എം. എസ്. പ്ലാറ്റ്ഫോമിലൂടെയായിരിക്കും ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിക്കുക.

അപേക്ഷ ഫീസ് ഓൺലൈനായി സമർപ്പിക്കണം. പ്രവേശന പരീക്ഷ ഓൺലൈനായി ഓഗസ്റ്റ് 29ന് വൈകിട്ട് ഏഴിന് നടക്കും. സെപ്തംബർ നാലിന് ഫലം പ്രസിദ്ധീകരിക്കും. സെപ്തംബർ ഏഴ്. എട്ട് തീയതികളിൽ വൈകിട്ട് ഏഴിന് ഓൺലൈൻ ഇന്റർവ്യൂ നടക്കും. സെപ്തംബർ 13ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും. ഒക്ടോബർ മൂന്നിന് ക്ലാസുകൾ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്കും ഓൺലൈനായി അപേക്ഷിക്കുന്നതിനും www.ssus.ac.in സന്ദർശിക്കുക.

# മഞ്ഞപ്പിത്തം തടയാൻ തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കണം

**തിരുവനന്തപുരം:** വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ സാഹചര്യത്തിൽ പകർച്ചവ്യാധി പ്രതിരോധം വളരെ പ്രധാനമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഉപയോഗിക്കുന്ന വെള്ളത്തിന്റെ ശുദ്ധത ഉറപ്പ് വരുത്താൻ വാട്ടർ അതോറിട്ടിയുമായി സഹകരിച്ചുള്ള പ്രവർത്തനം നടത്തണം. മഞ്ഞപ്പിത്ത രോഗബാധ തടയാൻ തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാൻ പാടുള്ളൂ. പകർച്ചവ്യാധി പ്രതിരോധത്തിന് ശക്തമായ നടപടികൾ തുടരണം. ക്യാമ്പുകളിലോ വീടുകളിലോ രോഗം കണ്ടെത്തിയാൽ റിപ്പോർട്ട് ചെയ്ത് തുടർനടപടികൾ സ്വീകരിക്കണം. ചെളിയിലും വെള്ളത്തിലുമിറങ്ങിയ എല്ലാവരും എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം കഴിക്കേണ്ടതാണെന്നും മന്ത്രി അഭ്യർത്ഥിച്ചു. ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട ആരോഗ്യ വകുപ്പിന്റെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.ക്യാമ്പുകളിൽ മോഡേൺ മെഡിസിൻ, ആയുർവേദം, ഹോമിയോപ്പതി ചികിത്സ ഉറപ്പാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ 12 ഹെൽത്ത് ടീം 360 പൊതുജനാരോഗ്യ സ്ക്രീനിംഗ് നടത്തി. മാനസികാരോഗ്യം ഉറപ്പാക്കാനായി വ്യക്തിഗത കൗൺസിലിംഗും ഗ്രൂപ്പ് കൗൺസിലിംഗും നൽകി വരുന്നു. 136 അംഗ മാനസികാരോഗ്യ ടീം 13 ക്യാമ്പുകളും വീടുകളും സന്ദർശിച്ചു. 218 പേർക്ക് ഗ്രൂപ്പ് കൗൺസിലിംഗും 467 പേർക്ക് സൈക്കോസോഷ്യൽ ഇന്റർവെൻഷനും 36 പേർക്ക് ഫാർമാക്കോ തെറാപ്പിയും നൽകി.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ഐഡിയ ഹാക്കത്തോൺ ഉദ്ഘാടനം ചെയ്തു

മൂവാറ്റുപുഴ: നിർമല കോളേജിന്റെ (ഓട്ടോണോമസ്) ഇൻസ്റ്റിട്യൂഷൻ ഇന്നോവേഷൻ കൗൺസിലിന്റെയും ( ഐ ഐ സി) നവകേരള മിഷന്റെയും ശുചിത്വ മിഷന്റെയും സംയുക്താഭിമുഖ്യത്തിൽ അഖിലേന്ത്യാ തലത്തിൽ നടത്തപ്പെടുന്ന ഹാക്ക് ദി വെയ്സ്റ്റ് ഐഡിയ ഹാക്കത്തോണിന്റെ ലോഗോയുടെയും ബ്രോഷറിന്റെയും പ്രകാശനം നടന്നു. നിർമല കോളേജ് എം സി എ ഓഡിറ്റോറിയത്തിൽ (09082024)സംഘടിപ്പിച്ച പരിപാടി എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്തു. മാലിന്യ സംസ്കരണത്തിൽ നിന്ന് സാമ്പത്തിക ശ്രോതസ്സ് കണ്ടെത്തുന്നതിലൂടെ സ്റ്റാർട്ടപ്പുകൾക്കും തുടക്കമിടാൻ യുവാക്കളിൽ നിന്ന് വേറിട്ട ആശയങ്ങൾ സ്വീകരിക്കുന്ന അഖിലേന്ത്യ തലത്തിൽ നടത്തപ്പെടുന്ന മത്സരമാണ് ഐഡിയ ഹാക്കത്തോൺ. എറണാകുളം ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് ഐ എ എസ് അഖിലേന്ത്യ തല മത്സരത്തിന്റെ ലോഗോ പ്രകാശനം നിർവഹിച്ചു. ചടങ്ങിൽ കോളേജ് മാനേജർ മോൺ. ഡോ. പയസ് മലേക്കണ്ടത്തിൽ അധ്യക്ഷത വഹിച്ചു. രണ്ട് ഘട്ടങ്ങളിലായി നടത്തുന്ന പ്ലാസ്റ്റിക് , ഇവെയ്സ്റ്റ് മാലിന്യങ്ങൾ സംസ്കരിക്കാനുള്ള ആശയശേഖരണ മത്സരത്തിൽ നിന്ന് തെരഞ്ഞെടുക്കുന്ന മത്സരാർഥികളുടെ ആശയങ്ങളുടെയും പ്രോട്ടോടൈപ്പ് മാതൃകയുടെയും അടിസ്ഥാനത്തിലായിരിക്കും ജേതാക്കളെ നിശ്ചയിക്കുക. വിജയികൾക്ക് ഒന്നര ലക്ഷം രൂപയുടെ സമ്മാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്.മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കോളേജ് വിദ്യാർഥികൾക്ക് നിർമല കോളേജുമായി ബന്ധപ്പെടാം. സെപ്റ്റംബർ 10 വരെ വിദ്യാർഥികൾക്ക് മത്സരത്തിൽ രജിസ്റ്റർ ചെയ്യാനാകും. കൂടാതെ കൊച്ചി മെട്രോയിലെ 2082 യാത്രക്കാരിൽ നിന്ന് ശേഖരിച്ച മാലിന്യ സംസ്ക്കരണ സർവെ റിപ്പോട്ടിന്റെ പ്രകാശനം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു വി ജോസ് ഐ എ എസ് (റിട്ട) ചടങ്ങിൽ ഓൺലൈനിലൂടെ നിർവഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഫാ.ഡോ. ജസ്റ്റിൻ കെ കുര്യാക്കോസ്, കോളേജ് ബർസാർ ഫാ. പോൾ കളത്തൂർ, നവകേരള മിഷൻ ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ്, ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ നിഫി എസ് ഹക്ക്, ഐഡിയ ഹാക്കത്തോൺ കൺവീനർ ഡോ. സുബി ബേബി, റിസർച്ച് ഓഫീസർ ഇന്ദു കെ എ,കോളേജ് ഐ ഐ സി പ്രസിഡന്റ് ഡോ. ജിജോ വി ജെ എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു.

# തിരുവനന്തപുരത്ത് റോഡ് സുരക്ഷാ പ്രചാരണം സംഘടിപ്പിച്ച് ഹോണ്ട മോട്ടോർസൈക്കിൾ

**തിരുവനന്തപുരം:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ തിരുവനന്തപുരത്ത് റോഡ് സുരക്ഷാ പ്രചാരണം സംഘടിപ്പിച്ചു. തിരുവനന്തപുരം സെൻറ് തോമസ് സെൻട്രൽ സ്കൂളിൽ സംഘടിപ്പിച്ച പരിപാടിയിൽ 2200ലധികം സ്കൂൾ വിദ്യാർഥികളും സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു.ഹോണ്ട മോട്ടോർസൈക്കിൾ റോഡ് സുരക്ഷയ്ക്ക് എന്നും പ്രാധാന്യം നൽകുന്നു. ഇതിൻറെ ഭാഗമായി ഇന്ത്യയിലുടനീളം റോഡ് സുരക്ഷാ പ്രചാരണങ്ങളും സംഘടിപ്പിക്കുന്നുണ്ട്. യുവ മനസുകളെ ബോധവൽക്കരിച്ചാൽ ഭാവിയിൽ റോഡ് അപകടങ്ങളിൽ ഗണ്യമായ കുറവുണ്ടാക്കാനാകുമെന്ന് ഹോണ്ട കരുതുന്നു. കുട്ടികളെയും യുവജനങ്ങളെയും ലക്ഷ്യമിടുന്നതു വഴി ഉത്തരവാദിത്തത്തോടെ ആജീവനാന്തം റോഡ് സുരക്ഷാ ശീലങ്ങൾ പാലിക്കുമെന്ന് ഉറപ്പു വരുത്തുകയാണ് ഹോണ്ട ലക്ഷ്യമിടുന്നത്.സ്കൂളുകൾ, കോളേജുകൾ, സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിരവധി വ്യക്തികളിലേക്ക് എത്തിച്ചേരുന്നതിന് ഇടയ്ക്കിടെ കമ്പനി റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. റോഡ് സുരക്ഷയിൽ പങ്കാളികളുടെ ധാരണ വർധിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള ഇൻററാക്ടിവ് പരിപാടികൾ പ്രചാരണത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. റോഡ് സുരക്ഷ റൈഡിങ്, അപകട മുന്നറിയിപ്പ് പരിശീലനം, റോഡ് സുരക്ഷാ ക്വിസ്, ഹെൽമറ്റ് ബോധവൽക്കരണം, റൈഡിങ് ട്രെയിനർ സെഷനുകൾ തുടങ്ങിയവ ഉൾപ്പെട്ടതാണ് പരിപാടി.പരിപാടി വിജയകരമാക്കുന്നതിന് സെൻറ് തോമസ് സെൻട്രൽ സ്കൂൾ നൽകിയ പിന്തുണയെ ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ അഭിനന്ദിച്ചു. സുരക്ഷിതമായ റോഡിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും പ്രതിജ്ഞാബദ്ധമാണ് ഈ സഹകരണം.

# സപ്ലൈകോ: ഹാപ്പി അവേഴ്സ് നാലുദിവസം കൂടി

**കൊച്ചി:** സപ്ലൈകോയുടെ അമ്പതാം വാർഷികത്തോട് അനുബന്ധിച്ച് വൻ ഓഫറുകളും വിലക്കുറവുകളും നൽകുന്ന 50/50 (ഫിഫ്റ്റി/ഫിഫ്റ്റി), സപ്ലൈകോ ഹാപ്പി അവേഴ്സ് എന്നീ പദ്ധതികൾ ഓഗസ്റ്റ് 13ന് അവസാനിക്കും.ജൂൺ 25 മുതൽ 50 ദിവസത്തേക്ക് ആയിരുന്നു ഈ പദ്ധതികൾ നടപ്പാക്കിയത്.




സപ്ലൈകോ സൂപ്പർമാർക്കറ്റ്, ഹൈപ്പർമാർക്കറ്റ്, പീപ്പിൾസ് ബസാർ എന്നിവിടങ്ങളിൽ നിന്ന് ഉച്ചയ്ക്ക് രണ്ടു മുതൽ മൂന്നു വരെയുള്ള സമയത്ത് സബ്സിഡിയിതര സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് ബിൽ തുകയിൽ നിന്നും 10% കുറവ് നൽകുന്ന പദ്ധതിയാണ് ഹാപ്പി അവേഴ്സ്. നിലവിലുള്ള വിലക്കുറവിന് പുറമേയാണ് ഹാപ്പി അവേഴ്സിലെ 10% വിലക്കുറവ്.

സപ്ലൈകോയുടെ സ്വന്തം ബ്രാൻഡ് ആയ ശബരി ഉൽപ്പന്നങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും ഉൾപ്പെടെ 50 ജനപ്രിയ ഉൽപ്പന്നങ്ങൾക്ക് വിലക്കുറവും പ്രത്യേകം ഓഫറുകളും 50/ 50 പദ്ധതിയിലുണ്ട്. 300 രൂപ വിലയുള്ള ശബരി ഹോട്ടൽ ബ്ലെൻഡ് ടീ ഒരു കിലോ 270 രൂപയ്ക്ക് നൽകുന്നതോടൊപ്പം 250 ഗ്രാം ശബരി ലീഫ് ടീ സൗജന്യമായി നൽകും. 80 രൂപ വിലയുള്ള 250 ഗ്രാം ശബരി ഗോൾഡ് ടീ 64 രൂപയ്ക്ക് നൽകും. 60 രൂപ വിലയുള്ള ശബരി ചക്കി ഫ്രഷ് ആട്ട 20% വിലകുറച്ച് 48 രൂപയ്ക്കും, 79 രൂപ വിലയുള്ള ഒരു കിലോഗ്രാം ശബരി അപ്പം പൊടി, പുട്ടുപൊടി എന്നിവ 63. 20 രൂപയ്ക്കും 50 ദിവസത്തേക്ക് നൽകും. ശബരി മുളകുപൊടി , മല്ലിപ്പൊടി, മഞ്ഞൾപ്പൊടി, ചിക്കൻ മസാല, സാമ്പാർ പൊടി, കടുക് എന്നിവയ്ക്കും 25 ശതമാനം വരെ വിലക്കുറവുണ്ട്. 500ഗ്രാം റിപ്പിൾ പ്രീമിയം ഡസ്റ്റ് ടിയോടൊപ്പം 500 ഗ്രാം പഞ്ചസാര നൽകും. ഉജാല, ഹെൻകോ, സൺ പ്ലസ് തുടങ്ങി വിവിധയിനം ബ്രാൻഡുകളുടെ വാഷിംഗ് പൗഡറുകൾ, ഡിറ്റർജെന്റുകൾ എന്നിവയ്ക്ക് വലിയ വിലക്കുറവുണ്ട്. നമ്പീശൻസ് ബ്രാൻഡിന്റെ നെയ്യ് തേൻ, എള്ളെണ്ണ, ചന്ദ്രിക, സന്തൂർ ബ്രാൻഡുകളുടെ സോപ്പ്, നിറപറ, ബ്രാഹ്മിൻസ് ബ്രാന്റുകളുടെ മസാല പൊടികൾ, ബ്രാഹ്മിൻസ് ബ്രാൻഡിന്റെ അപ്പം പൊടി, റവ, പാലട മിക്സ്, കെലോഗ്സ് ഓട്സ്, ഐടിസി ആശിർവാദ് ആട്ട, ഐടിസിയുടെ തന്നെ സൺ ഫീസ്റ്റ് ന്യൂഡിൽസ്, മോംസ് മാജിക്, സൺ ഫീസ്റ്റ് ബിസ്ക്കറ്റുകൾ, ഡാബറിന്റെ തേൻ ഉൾപ്പെടെയുള്ള വിവിധ ഉൽപ്പന്നങ്ങൾ, ബ്രിട്ടാനിയ ബ്രാൻഡിന്റെ ഡയറി വൈറ്റ്നർ, കോൾഗേറ്റ് തുടങ്ങിയ ഉൽപ്പന്നങ്ങൾക്കാണ് വിലക്കുറവും ഓഫറും നൽകുന്നത്.

